**INSTITUTE OF HUMAN RESOURCES DEVELOPMENT**
(Established by the Government of Kerala)
PRAJO'E TOWERS, VAZHUTHACAUD, THIRUVANANTHAPURAM – 695 014
Phone: .0471-2322985/2323597 Fax: 0471-2322035
Web: www.ihrd.ac.in Email: director@ihrd.ac.in

നമ്പർ.ഇബി3/6027/2013/ എച്ച്.ആർ.ഡി തീയതി: 31/07/2014

പ്രേഷിതാവ്
ഡയറക്ടർ

സ്വീകർത്താവ്
എല്ലാ സ്ഥാപന മേധാവികൾ

വിഷയം: ഐ .എച്ച്.ആർ.ഡി - മെഡിക്കൽ റീ: ഇം പേഴ്സ് മെന്റ് അനുവദിക്കുന്നത് - സംബന്ധിച്ച്
സൂചന: നമ്പർ. സി3-11050/2014/ജി.മെ. ആ തീയതി 04.04.2014 എന്ന ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) ലെ കത്ത്

സർ/മാഡം,

മേൽ സൂചന കത്തിന്റെ പകർപ്പ് എല്ലാ സ്ഥാപന മേധാവികളുടെയും അറിവിലേയ്ക്കായും ആയതിൽ പ്രതിപാദിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാനായും ഉള്ളടക്കം ചെയ്യുന്നു

വിശ്വസ്തതയോടെ
ഒപ്പ്
ഡയറക്ടർ

അംഗീകാരത്തോടെ

ഹെഡ് ക്ലർക്ക്

ഡി.4.8.14

1

'ഭരണഭാഷ-മാതൃഭാഷ'

നം.സി3-11050/2014/ജി.മെ.ആ.

ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം),
തിരുവനന്തപുരം, തീയതി: 4.4.2014.

ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം)
തിരുവനന്തപുരം.

8735/14/HND

...UTE OF HUMAN RESOURCE...
04 JUL 2014

എല്ലാ ആഫീസ് മേധാവികൾക്കും.

സർ,

വിഷയം:- ആരോഗ്യ വകുപ്പ്-ജീവനക്കാര്യം-മെഡിക്കൽ റീഇംപേഴ്സ്മെന്റ് അനുവദിക്കുന്നത്-സംബന്ധിച്ച്.

സംസ്ഥാന ജീവനക്കാർ ഗവൺമെന്റ് ആശുപത്രികളിലും, ഗവൺമെന്റ് അംഗീകരിച്ച സ്വകാര്യ ആശുപത്രികളിലും ചികിൽസിച്ച തുക തിരികെ ലഭിക്കുന്നതിന് നല്കുന്ന ബില്ലുകളിൽ, സമയാസമയങ്ങളിൽ ഡോക്ടറെ കണ്ട്, ചികിത്സ നടത്തി മരുന്നുകൾ കുറിച്ചു വാങ്ങിയ രേഖകൾ സമർപ്പിക്കാതെയും, കൂടാതെ, ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകളെക്കാൾ കൂടുതൽ മരുന്നുവാങ്ങി റീ-ഇംപേഴ്സ് ചെയ്യുന്നതായും കണ്ടുവരുന്നു. ഇത് തികച്ചും തെറ്റായ ഒരു കീഴ്‌വഴക്കമാണ്. ഗവൺമെന്റിൽ അധിക സാമ്പത്തിക ബാദ്ധ്യതയും വന്നു ചേരാനിടയുണ്ട്. ആയതിനാൽ, ജീവനക്കാർ നൽകുന്ന മെഡിക്കൽ ഷോപ്പ് ബില്ലുകൾ അതാതു സ്ഥാപനമേധാവികൾ ശരിയായ രീതിയിൽ പരിശോധിച്ചശേഷം മാത്രമേ മരുന്നിന്റെ അർഹതയും , ആയതിനുള്ള ഉത്തരവിനുമായി ഈ സ്ഥാപനത്തിലേയ്ക്ക് അയയ്ക്കാവൂ എന്ന് അഭ്യർത്ഥിക്കുന്നു. താഴെപ്പറയുന്ന കാര്യങ്ങൾ അങ്ങയുടെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.

- പതിനായിരം രൂപ (൰,൦൦൦/-) വരെയുള്ള മരുന്നുകൾ അതാതു ജില്ലാ ആഫീസിൽ തന്നെ പരിശോധിച്ച് തുക മാറി കൊടുക്കാവുന്നതാണ്. ജി.ഒ. (ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ജില്ലാ മെഡിക്കൽ ആഫീസ് ഒഴികെ) G.O.(Ms)No.378/12/H&FWD. Dated 7.11.2012.

- 10,000/- രൂപയ്ക്കു മുകളിൽ 1,00,000/- രൂപ വരെയുള്ള ബില്ലുകൾ മാത്രം തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസർക്ക് അയയ്ച്ചാൽ മതിയാകും.

അയയ്ച്ചു തരുന്ന ബില്ലുകളിൽ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതികളിലുള്ള സാക്ഷ്യപ്പെടുത്തിയ ഒ.പി./ ഐ.പി ടിക്കറ്റ് കോപ്പിയും തുടർ ചികിത്സാ തീയതികളിൽ ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകളും, ഡോസും കഴിക്കേണ്ടതായ കാലയളവും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

ബില്ലുകളോടൊപ്പം സമർപ്പിക്കുന്ന ഒ.പി./ ഐ.പി. ടിക്കറ്റുകളുടെയും, മറ്റു രേഖകളുടെയും ഫോട്ടോകോപ്പി വ്യക്തമായി വായിച്ചു മനസ്സിലാക്കാൻ സാധിക്കുന്നതായിരിക്കണം.

- മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ബില്ലുകളിലെ മരുന്നുകൾ നൽകാവുന്നതാണോ എന്ന് പരിശോധിക്കുന്നതിനായി ' സീതാറാം പോറ്റി ' രചിച്ച പുസ്തകം ഗവൺമെന്റ് അംഗീകൃതമാണ്. ജി.ഒ.സ.ഉ.(സാധാ.)എം.ഒ.4174/13/ആകുവ. തീയതി 17.12.2013.

- ജീവിത ശൈലീ രോഗങ്ങൾക്ക് സർക്കാർ ജനറിക് മരുന്നുകൾ എല്ലാ ഫാർമസികളിലും എത്തിച്ചിട്ടുണ്ട്. സ്വാതന്ത്ര്യ സമര സേനാനികൾക്ക് ഉൾപ്പെടെ ഓരോ മാസവും കഴിവതും ജനറിക് മരുന്നുകൾ നൽകാൻ ശ്രദ്ധിക്കണം. ഫാർമസി സ്റ്റോക്ക് രജിസ്റ്ററിൽ ലഭ്യമല്ലാത്ത മരുന്നുകൾ മാത്രമേ പുറത്തേയ്ക്ക് കുറിക്കാവൂ. അല്ലെങ്കിൽ ആഫീസ് മേധാവി മാത്രമായിരിക്കും ഉത്തരവാദി.

- ഗവൺമെന്റിന്റെ അധീനതയിലുള്ള ചെറിയ ആശുപത്രികളിൽ രോഗിയെ പരിശോധനയ്ക്കുവിധേയമാക്കുമ്പോൾ തുടർന്ന് വിശദമായ/വിദഗ്ദ്ധമായ ചികിത്സക്കായി ഗവൺമെന്റ് ആശുപത്രിയാണ് നിർദ്ദേശിക്കുന്നതെങ്കിൽ, കഴിയുന്നതും പ്രസ്തുത സ്ഥാപനത്തിൽ മാത്രമേ ചികിത്സ തേടാവൂ. അടിയന്തിര ഘട്ടവും. സംവിധാനങ്ങളുടെ അപാകതമൂലവും അവിടെ ചികിത്സിക്കാൻ കഴിയാതെ വന്നാൽ പ്രസ്തുത ഡോക്ടറുടെ രേഖാമൂലമുള്ള നിർദ്ദേശപ്രകാരം ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള പ്രൈവറ്റ് സ്ഥാപനങ്ങളിൽ രോഗിയെ ചികിത്സയ്ക്ക് പ്രവേശിപ്പിക്കാവുന്നതാണ്.

- ഗവൺമെന്റ് ആശുപത്രിയിൽ നിന്നും നിർദ്ദേശിച്ച് പ്രൈവറ്റ് സ്ഥാപനങ്ങളിൽ പ്രവേശിക്കുന്ന രോഗിയുടെ ചികിത്സാ തുക തിരികെ കിട്ടുന്നതിന് " അപ്പെൻഡിക്സ് -2' ജില്ലാ മെഡിക്കൽ ആഫീസറുടെ മേലൊപ്പ് വാങ്ങിയിരിക്കണം.

- മുകളിൽ പറഞ്ഞ കാര്യങ്ങൾ പാലിക്കാതെ നേരിട്ട് പ്രൈവറ്റ് സ്ഥാപനത്തിൽ പ്രവേശിക്കുന്ന രോഗിയുടെ ചികിത്സാ ചിലവ് ഗവൺമെന്റിന്റെ അനുമതി ലഭിച്ചാൽ മാത്രമേ അനുവദിക്കുകയുള്ളു.
- ഈ സ്ഥാപനത്തിൽ ലഭിക്കുന്ന ബില്ലുകൾക്ക് അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ കാലതാമസം ഒഴിവാക്കുന്നതിനായി ഈ ആഫീസിൽ നിന്നും നേരിട്ട് ശേഖരിക്കുന്നത് വളരെ ഉചിതമായിരിക്കും.
- ക്യാഷ് വൗച്ചറുകളിൽ പെയ്ഡ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുന്നതോടൊപ്പം പേര്, തസ്തിക, ഓഫീസ് എന്നിവ കൂടി രേഖപ്പെടുത്തണം.
- മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് അപേക്ഷകൾ മരുന്നു വാങ്ങി മൂന്നു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.
- ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലേയ്ക്കാണ് അയയ്ച്ചു കൊടുക്കേണ്ടത്.
- തുടർ ചികിത്സയെടുക്കുന്നവർ എസ്സൻഷ്യാലിറ്റിയിൽ ക്ലെയിം ചെയ്യുന്ന തീയതികളിൽ Review date, repeat all duration എന്നിവ നിർബന്ധമായും ഒ.പി.ടിക്കറ്റിൽ എഴുതി വാങ്ങിയിരിക്കണം.
- ടൂത്ത്പേസ്റ്റ്, ഷാമ്പു തുടങ്ങിയ സൗന്ദര്യവർദ്ധക വസ്തുക്കൾ റീ-ഇംപേഴ്സ്മെന്റിന് അയയ്ക്കരുത്.

മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ബില്ലുകൾ അർഹതനോക്കി അംഗീകാരം നൽകുന്നതിന് ഈ സർക്കുലറിന്റെ പകർപ്പ് താങ്കളുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും അയയച്ചുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഡോക്ടറുടെ നിർദ്ദേശമില്ലാതെ മരുന്നുകൾ അമിതമായി രേഖപ്പെടുത്തി ജീവനക്കാർ ബില്ലുകൾ സമർപ്പിക്കുന്നത് ഒഴിവാക്കാനും, മറ്റു ശിക്ഷണ നടപടികൾ സ്വീകരിക്കാതിരിക്കുവാനുമാണ് ഈ നിർദ്ദേശങ്ങൾ താങ്കളെ അറിയിക്കുന്നത്. മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ താങ്കളുടെ ഭാഗത്തുനിന്ന് കൂടുതൽ ശ്രദ്ധയും സഹകരണവുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം)

പി.എൻ.4.4.2014.